# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.7/746/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 31/07/2025
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.7/746/2025 തീയ്യതി: 31/07/2025

## കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 03-07-2025 | 09-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-07-2025 | 09-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഗോപാലകൃഷ്ണ നായ്ക് പി ,ഓഡിറ്റ് ഓഫീസർ

ശ്രീ.ജയാനന്ത എച്ച്, ഓഡിറ്റ് ഓഫീസർ

ശ്രീ.രഘുനാഥൻ. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരി വേണുഗോപാൽ.കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ധന്യ.എം | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.രാധാകൃഷ്ണൻ.എം.കെ | സെക്രട്ടറി | 01-04-2024 | 17-09-2024 |
| ശ്രീ.എം.ഗംഗാധരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2024 | 27-10-2024 |
| ശ്രീ.രാധാകൃഷ്ണൻ.എം.കെ | സെക്രട്ടറി | 28-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.ഗംഗാധരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 29-10-2024 |
| ശ്രീ.രാഘവൻ.എ | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്) | 30-10-2024 | 04-11-2024 |
| ശ്രീ.പ്രദീഷ്.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 05-11-2024 | 31-03-2025 |
| ശ്രീ.റോയ് മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 18-04-2024 |
| ശ്രീമതി.സിജിന.സി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-04-2024 | 31-03-2025 |
| ശ്രീമതി.ലിന്റ ഐസക് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ഗോകുൽ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബേഡഡുക്ക സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ.ജിനേഷ്.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊളത്തൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ഡോ.കൃപേഷ് | മെഡിക്കൽ.ഓഫീസർ (അലോപ്പതി) | 01-04-2024 | 31-03-2025 |
| ഡോ.മുഹമ്മദ് ഇംത്യാസ് | മെഡിക്കൽ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| ഡോ.ശ്രുതിമോൾ.വി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.നിധിയ ജോയ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.രജിമ.പി.വി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.രമ്യശ്രീ.പി.വി | ഫീഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ലിനിൻ.എ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 30-04-2024 |
| ശ്രീമതി.സിന്ധു.എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-05-2024 | 31-03-2025 |
| ശ്രീ.സന്തോഷ്.കെ | പ്രധാനാധ്യാപകൻ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കുന്നില്ല. | 1-1-3 |
| 5 | ബാദ്ധ്യതാ കണക്ക്- വിശദാംശം ലഭ്യമാക്കിയില്ല. | 1-1-4 |
| 6 | റീകൺസിലേഷൻ പത്രിക – അപാകതകൾ | 1-1-5 |
| 7 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് -പാർട്ട് ബിൽ തുകകൾ മുഴുവൻ ഉൾപ്പെട്ടില്ല | 1-1-6 |
| 8 | വായ്പ്പാ കണക്കിലെ അപാകങ്ങൾ | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 15 | ക്യാഷ് ബാലൻസ് | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ ഈടാക്കിയില്ല. | 1-10 |
| 18 | വസ്തു നികുതി -തെറ്റായ നിരക്കിൽ നികുതി നിർണ്ണയിച്ചു. | 1-11 |
| 19 | വസ്തു നികുതി നിർണ്ണയം- സ്വിമ്മിംഗ് പൂളിന്റെ തറ വിസ്തീർണ്ണം പരിഗണിച്ചില്ല. | 1-12 |
| 20 | തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി. | 1-13 |
| 21 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-രേഖകൾ ഹാജരാക്കിയില്ല. | 1-14 |
| 22 | കുടിവെള്ള വിതരണം പദ്ധതി - അപാകതകൾ | 1-15 |
| 23 | പാതയോരങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ പദ്ധതി-അപാകതകൾ | 1-16 |
| 24 | MCF, RRF എന്നവിടങ്ങളിലേക്ക് CCTV Camera, Fire Extinguisher സ്ഥാപിക്കൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-17 |
| 25 | കുണ്ടൂച്ചി പാലേരിച്ചാൽ വി.സി.ബി ക്ക് പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി-അധികം വിഹിതം ഒടുക്കി. | 1-18 |

| | | |
|---|---|---|
| 26 | വിദ്യാർത്ഥികൾക്ക് പഠനോപകരണം -പട്ടികവർഗ്ഗം - അപാകത | 1-19 |
| 27 | വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-20 |
| 28 | ഭവന പുനരുദ്ധാരണ പദ്ധതി- പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-21 |
| 29 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 30 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമാക്കിയില്ല –ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 31 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. | 1-24 |
| 32 | തെങ്ങ്,കവുങ്ങ് കർഷകർക്ക് രാസവളം-രേഖകൾ ഹാജരാക്കിയില്ല. | 1-25 |
| 33 | SSK വിഹിതം അടവാക്കൽ-പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-26 |
| 34 | തുല്യത കോഴ്സ് ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല. | 1-27 |
| 35 | തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വാങ്ങൽ -സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവു ചെയ്തില്ല. | 1-28 |
| 36 | ഹെൽത്ത് ഗ്രാന്റ് -അവലോകനം. | 1-29 |
| 37 | ജലജീവൻ മിഷൻ പദ്ധതി-അവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-4 |
| 5 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്, സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.05.2025 ലെ 1/1 തീരുമാനം പ്രകാരം തയ്യാറാക്കി 29.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബേഡഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

31.07.2025

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല**

A) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും ഉറപ്പുവരുത്താനായിട്ടില്ല.

**1-1-3 വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കുന്നില്ല.**

എ) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല.

ബി) 2024-25 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 1,10,10,945 രൂപയാണ്. എന്നാൽ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 4,83,36,030 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ചുവരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്‌വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ്‌വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-4 ബാദ്ധ്യതാ കണക്ക്- വിശദാംശം ലഭ്യമാക്കിയില്ല.**

വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ B4 പ്രകാരം 31.03.2025 ൽ അവശേഷിക്കുന്ന ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ കൃത്യത ഉറപ്പുവരുത്തി നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലാണ് നിലവിലുള്ളത് എന്നത് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകകൾ വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഹെഡ്ഡ് | തുക |
|---|---|---|
| 1 | 320100105 | 850626 |
| 2 | 320100145 | 30,000 |

| | | |
|---|---|---|
| 3 | 320100153 | 1,40,462 |
| 4 | 320100196 | 22,98,350 |
| 5 | 320100198 | 2,00,000 |
| 6 | 320100200 | 8,00,000 |
| 7 | 320200399 | 4,09,615.50 |
| 8 | 320300103 | 18,07,051 |
| 9 | 320300199 | 69,04,808 |

കൂടാതെ വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ B9 പ്രകാരം 31.03.2025 ൽ സർക്കാരിലേയ്ക്കും വിവിധ സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കുവാൻ അവശേഷിക്കുന്ന തുകകൾ ഒടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം (മുൻ വർഷങ്ങളിൽ അവശേഷിച്ചിരുന്ന തുക ഉൾപ്പടെ) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-5 റീകൺസിലേഷൻ പത്രിക – അപാകതകൾ

വർഷാന്ത്യ റീകൺസിലേഷൻ പത്രിക പ്രകാരമുള്ള ചുവടെ ചേർത്ത തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

| അക്കൗണ്ട് നം | Voucher No & Dt | Cheque Issued But Not Presented Into Bank |
|---|---|---|
| 401130000267 | 22401109/29-03-2025 | 5,000 |

### 1-1-6 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് -പാർട്ട് ബിൽ തുകകൾ മുഴുവൻ ഉൾപ്പെട്ടില്ല

2024-25 വാർഷിക ധനകാര്യ പത്രികയിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ (ഹെഡ്ഡ് 412010101) ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ്. ചുവടെ ചേർത്ത പ്രവൃത്തികൾക്ക് അനുവദിച്ച പാർട്ട് ബിൽ തുകകൾ പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

1)പ്രോ.നം200/24-പുളിയാർകല്ല് അരിയ്യെപ്പ് അമ്പലം റോഡ് റീ ടാറിംഗ്=4,01,405/-

2)പ്രോ.നം196/24-അബിലാടി വാവടുക്കം റോഡ് റീ ടാറിംഗ്-8,24,405/-

3)പ്രോ.നം272/24-പാണ്ടിക്കണ്ടം പുഴക്കര റോഡ് അഭിവൃദ്ധിപെടുത്തൽ-4,16,169/-

4)പ്രോ.നം260/24-മരുതടുക്കം കൊല്ലരംകോട് റോഡ് അഭിവൃദ്ധിപെടുത്തൽ-2,03,984/-

5)പ്രോ.നം104/24-വിവിധ അംഗൺവാടികളുടെ അറ്റകുറ്റപ്പണി-3,84,042/-

6)പ്രോ.നം105/24-വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണി-3,89,452/-

7)പ്രോ.നം47/24-മിനി എം സി എഫുകൾ സ്ഥാപിക്കൽ-8,10,012/-

8)പ്രോ.നം248/24-എം സി എഫ് ന് അടിസ്ഥാന സൗകര്യം-6,42,962/-

### 1-1-7 വായ്പാ കണക്കിലെ അപാകങ്ങൾ

2023-24 സാമ്പത്തിക വർഷത്തിൽ KURDFC വായ്പയുടെ ബാങ്ക് അക്കൗണ്ടിൽ വന്ന പലിശ 91,585/-

രൂപ 360200199 Provision For Other Interest എന്ന ഹെഡ്ഡിൽ വരവ് വെക്കുന്നതിന് പകരം 330500201-Secured Loan -Loan From KURDFC എന്ന ഹെഡ്ഡിൽ വരവ് വെച്ചിരുന്നു.(രസീത് നം-1230000277 Dt 19-09-2024 1835/-രൂപ, 1230000311 Dt 31-03-2024 41,239/-രൂപ,ജേണൽ നം-42301485 Dt 31-03-2024 48,511/-രൂപ ആകെ- 91,585/- രൂപ)

2024-25 വർഷത്തിൽ 20-12-2024 തീയതിയിലെ ജേണൽ നം-42400607 പ്രകാരം 360200199 Provision For Other Interest എന്ന ശരിയായ ഹെഡ്ഡിലേക്ക് കൊണ്ടുവന്ന് അക്കൗണ്ട് ശരിയാക്കിയിട്ടുണ്ട്. 2024-25 വർഷത്തിൽ വായ്പ ഇനത്തിൽ ജി.ഒ പ്രോജക്ടുകൾ പ്രകാരം തിരിച്ചടച്ച ആകെ 47,57,790/-രൂപയാണ്. 91,585/-രൂപയുടെ ജേണൽ തുക കൂടി ഉൾപ്പെട്ടതിനാലാണ് 330500201-Secured Loan-Loan From KURDFC എന്ന ഹെഡ്ഡിൽ 91,585/-രൂപ അധികമായി കാണുന്നു.
330500201-Secured Loan-Loan From KURDFC എന്ന ഹെഡ്ഡിൽ തെറ്റായി (അധികമായി ചേർത്ത) വരവ് ശരിയായ ഹെഡ്ഡിലേക്ക് ക്രമീകരിച്ച ശേഷമുള്ള Abstract താഴെ ചേർത്ത പ്രകാരമാണ്.

| **വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക** | **തൻവർഷം തിരിച്ചടച്ച തുക** | **വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** |
|---|---|---|
| 4,83,32,088 + 50,09,000 (തൻവർഷ വരവ്) = 5,33,41,088 | 47,57,790 +Transferring Of Amount Receipted In Loan Receipt Head To Loan Interest Head (Account Head Correction Journal)-91585/- =48,49,375/- | 4,84,91,713 |

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| **ഇനം** | **ബജറ്റ്** | **പുതുക്കിയ ബജറ്റ്** |
|---|---|---|
| ഭരണ സമിതി തീരുമാനം, തീയതി | തീരുമാനം നം.1/2025 തീയതി :14.02.2024 | തീരുമാനം നം.5/2025 തീയതി :11.03.2025 |
| മുന്നിരിപ്പ് | 42,44,640 | (-) 58,23,312 |
| വരവ് | 37,28,76,200 | 43,08,93,667 |
| ആകെ | 37,71,20,840 | 42,50,70,355 |
| ചെലവ് | 37,23,60,871 | 42,33,76,990 |
| നീക്കിയിരിപ്പ് | 47,59,969 | 16,93,365 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2024-25 |
| മുന്നിരിപ്പ് | 2,66,94,091.50 |

| | |
|---|---|
| വരവ് | 6,99,88,548 |
| ആകെ | 9,66,82,639.50 |
| ചെലവ് | 6,39,14,488 |
| നീക്കിയിരിപ്പ് | 3,27,68,151.50 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,31,63,000 | 2,31,63,000 | 2,31,63,000 | - | - |
| വികസനഫണ്ട് എസ്.സി.പി. | 0 | 12,44,000 | 12,44,000 | 12,44,000 | - | - |
| വികസനഫണ്ട് ടി.എസ്.പി. | 0 | 76,10,000 | 76,10,000 | 76,09,967 | - | 33 |
| MG- റോഡ് | 0 | 3,38,52,000 | 3,38,52,000 | 2,70,32,798 | - | 68,19,202 |
| MG- നോൺറോഡ് | 0 | 60,36,000 | 60,36,000 | 58,64,060 | - | 1,71,940 |
| CFC- Tied-Bank | 38,04,164 | 88,32,000 | 1,26,36,164 | 48,72,272 | 77,63,892 | 0 |
| CFC- Tied-Treasury | | 2,76,683 | 2,76,683 | 2,36,200 | - | 40483 |
| CFC- Basic-Bank | 22,31,318 | 39,02,419+ 2,70,941 | 64,04,678 | 46,71,576 | 17,33,102 | 0 |
| CFC- Basic-Treasury | - | 1274 | 1274 | - | - | 1274 |
| ബ്ലോക്ക് പഞ്ചായത്ത് | - | 21,44,800 | 21,44,800 | 21,44,800 | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 6436 | 40,46,786 | 40,53,222 | 40,46,786 | 6436 | 0 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | |
| Award And Honours Centrel | 8,50,626 | 0 | 8,50,626 | 0 | 8,50,626 | 0 |
| ICDS കേന്ദ്ര വിഹിതം | 13,01,933 | 36,61,398 | 49,63,331 | 26,64,981 | 22,98,350 | 0 |
| NPRPD | 30,000 | 0 | 30,000 | 0 | 30,000 | 0 |
| ഹെൽത്ത് ഗ്രാന്റ് - 320100202 | 3,91,717 | 4,14,658 | 8,06,375 | 3,71,269 | 4,35,106 | 0 |
| ഹെൽത്ത് ഗ്രാന്റ് - 320100204 | 1,77,571 | 6,40,357 | 8,17,928 | 1,24,697 | 6,93,231 | 0 |
| NRHM | 500,000 | 0 | 500,000 | 0 | 500,000 | |
| **സംസ്ഥാനാവിഷ്കൃത പദ്ധതികൾ** | | | | | | |
| സാക്ഷരത | 230 | 0 | 230 | 0 | 230 | |
| ശുചിത്വമിഷൻ | 200,000 | 5,16,000 | 7,16,000 | 5,16,000 | 200,000 | |
| Panchayat Yuva Krida Aur KhelAbhiyan | 1,40,462 | 0 | 1,40,462 | 0 | 1,40,462 | 0 |
| SSA | 2,30,690 | 6427 | 2,37,117 | 0 | 2,37,117 | 0 |
| TSC | 1,34,728 | 0 | 1,34,728 | 0 | 1,34,728 | 0 |
| മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം | 3,00,000 | 5,00,000 | 8,00,000 | 0 | 8,00,000 | 0 |
| മറ്റു ഗവ.ഏജൻസികളിൽ നിന്നും ലഭിച്ച തുക (320300199) | 64,38,808 | 1,07,66,000 | 1,72,04,808 | 1,03,00,000 | 69,04,808 | 0 |
| ലൈഫ് സംസ്ഥാന വിഹിതം | 25,10,000 | 1,02,70,000 | 1,27,80,000 | 1,03,00,,000 | 24,80,000 | 0 |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി((ലൈഫ് ഭവനപദ്ധതി വായ്പ്പാ തിരിച്ചടവ്, അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം) കുറവ് ചെയ്ത തുകയായ 31,98,255/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി (ലൈഫ് ഭവനപദ്ധതി വായ്പ്പാ തിരിച്ചടവ്) കുറവ് ചെയ്ത തുകയായ 3,06,133/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി (ലൈഫ് ഭവനപദ്ധതി വായ്പ്പാ തിരിച്ചടവ്) കുറവ് ചെയ്ത തുകയായ 28,83,002/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 2,70,941 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,93,95,869 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൽ നിന്നും 30.03.2025 ന് 91,45,520 രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് -30,096 രൂപയാണ്.

6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവും വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ തുകകളും (7,26,74,392 രൂപ) മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല..

7)2025 മാർച്ച് മാസത്തിൽ, ധനകാര്യ കമ്മീഷൻ പ്രോജക്ടുകളുടെ ബില്ലുകളിൽനിന്ന 30,185/- രൂപയുടെ റിക്കവറികൾ (PO No -801109 Rs-5449/-,PO No -801113 Rs-8541,PO No -801120 RS-612,ജേണൽ No-42400955 Rs-13622/- ജേണൽ No-42400964 Rs-1961) SBI A/C 37043749693 അക്കൗണ്ടിൽ നിന്നും അടവാക്കുകയും, തത്തുല്യമായ തുക ധനകാര്യ കമ്മീഷന്റെ ബാങ്ക് അക്കൗണ്ട് നം.4045810105033-ൽ നിന്ന് Cheque No-011020 Dt.29/03/2025 പ്രകാരം മേൽ പറഞ്ഞ SBI A/C No-37043749693 ലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും Contra Entry നടത്താൻ വിട്ടുപോയതിനാൽ ധനകാര്യ കമ്മീഷൻ തുകയുടെ ലെഡ്ജറുകളും (Rs-1733102+7763892=9496994) ബാങ്ക് അക്കൗണ്ട് ബാലൻസും (9527179) തമ്മിൽ 30,185/- രൂപയുടെ വ്യത്യാസം(ബാങ്കിൽ 30,185/-രൂപ കൂടുതൽ) നിലനിൽക്കുന്നുണ്ട്. ആയത് 2025-26 വർഷത്തിൽ K-Smart ൽ Contra Entry (Vr No C-G140206-25000037 Dt.20/06/2025) വരുത്തി ശരിയാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 194110666 | 197 | 105790341 | - | 41 | 82.77% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 47 | 18493650 + 6387390 | 34 | 12121480 | 48.71 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 25 | 6882338 | 24 | 4903106 | 71.24 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 89 | 57340567 | 68 | 36582595 | 63.79 |
| 4 | കൃഷി ഓഫീസർ | 17 | 4544011 | 17 | 3602469 | 79.27 |
| 5 | വെറ്റിനറി സർജ്ജൻ | 7 | 2507600 | 7 | 1298199 | 51.77 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 80784933 | 23 | 33380723 | 41.32 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8982195 | 9 | 7365766 | 82.00 |
| 8 | പ്രധാനാധ്യാപകൻ | 5 | 1641250 | 5 | 1641226 | 99.99 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 600000 | 1 | 600000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 7 | 3751888 | 5 | 2524979 | 67.29 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 600000 | 1 | 600000 | 100 |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 1522844 | 2 | 1137798 | 74.71 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 72000 | 1 | 32000 | 44.44 |
| | ആകെ | 238 | 194110666 | 197 | 105790341 | 54.50 |

കുറിപ്പ്: വികസന ഫണ്ട് (ജനറൽ, എസ്.സി.പി, ടി.എസ്.പി )സ്രോതസ്സിൽ നിന്നും ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് ഇനത്തിൽ ഈടാക്കിയ 47,57,790/- രൂപയും, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കിയ 16,29,600/- രൂപയും സുലേഖ ചെലവ് പത്രികയിൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അടങ്കലിൽ ഉൾപ്പെട്ടിട്ടില്ല. മേൽ പട്ടികയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി അടങ്കലിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1916710 | 1916710 | 1916710 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 70757682 | 70757682 | 70757682 | |
| **ആകെ** | **0** | **72674392** | **72674392** | **72674392** | **0** |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-25 വർഷം 745 പദ്ധതികളുൾപ്പെടുന്ന 25,44,32,600/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 353 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 168743 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 736 കുടുംബങ്ങളുണ്ട്.

### 1-7 ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5086000 | 319 |
| വിധവാപെൻഷൻ | 22096400 | 1424 |
| വാർദ്ധക്യകാലപെൻഷൻ | 31408600 | 2136 |
| വികലാംഗപെൻഷൻ | 6977500 | 445 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1104000 | 72 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

### 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.07.2025 തീയതിയിൽ 3.20 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,317/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫയലുകളും അനുബന്ധ രേഖകളും റജിസ്റ്ററുകളും നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്. 2024-25 കാലയളവിൽ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ ഒടുക്കിവരുന്നുണ്ട്. തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനും, തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന സ്രോതസ്സുകളെപ്പറ്റിയോ ഉള്ള ചർച്ചകളോ ഉണ്ടായിട്ടില്ല. പോരായ്മകൾ പരിഹരിച്ച് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കുറ്റമറ്റ രീതിയിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 5 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്.

2) നിലവിൽ പൂർണമായും കെ-സ്മാർട്ട് സംവിധാനത്തിലാണ് ഫയൽ നീക്കങ്ങൾ നടക്കുന്നത്. ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. തുടർനടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവുവെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ച വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) <u>(എ) പഞ്ചായത്ത് കമ്മിറ്റി</u>- പഞ്ചായത്ത് കമ്മിറ്റി 2024-25 ൽ 29 യോഗങ്ങൾ ചേർന്നിട്ടുണ്ട്. 21 സാധാരണ യോഗങ്ങളും 8 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. പഞ്ചായത്ത് കമ്മിറ്റി യോഗങ്ങൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. യോഗങ്ങളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

<u>ബി) ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി</u>

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2024-25 ൽ 25 തവണ യോഗം ചേർന്നിട്ടുണ്ട്. 19 സാധാരണ യോഗങ്ങളും 6 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ്വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യൽ, 2024-25 വാർഷിക ധനകാര്യ പത്രിക അംഗീകരിക്കുന്നത് സംബന്ധിച്ച്, നിലവിലുള്ള തനത് ഫണ്ട് അവലോകനം, വസ്തു നികുതി പരിഷ്ക്കരണം, വസ്തു നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച്, തനതു ഫണ്ട്, നികുതി നികുതിയേതര വരവുകൾ അവലോകനം, പദ്ധതി പുരോഗതി അവലോകനം, 2025-26 വർഷത്തെ ബജറ്റ് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനായി ഘടകസ്ഥാപനങ്ങൾക്ക് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നൽകുന്നതിനും തീരുമാനിച്ചു. 2025-26 വാർഷിക ബജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ചും, നികുതി നികുതിയേതര വരവുകളുടെ പുരോഗതി അവലേകനം, വിവിധ ബില്ലുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച് യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ പുതിയ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

<u>സി) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2024-25ൽ 18 തവണ യോഗം ചേർന്നിട്ടുണ്ട്. 14 സാധാരണ യോഗങ്ങളും 4 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്പിൽഓവർ പദ്ധതികളെ കുറിച്ചും, 2024-25 വാർഷിക പദ്ധതികൾ നിർവ്വഹണ പുരോഗതിയെകുറിച്ചും, വാർഷിക പദ്ധതി വ്യക്തിഗത/ ഗ്രൂപ്പ് ആനുകൂല്യങ്ങൾക്കുള്ള ഗ്രാമസഭാ യോഗങ്ങൾ വിളച്ചു ചേർക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് ഐക്യകണ്ഠേന അംഗീകാരം നൽകി തീരുമാനിച്ചു. 2024-25 വാർഷിക പദ്ധതികൾ പൂർത്തീകരിച്ച് 2025 മാർച്ച് 25-നകം ബിൽ സമർപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിനെ കുറിച്ചുള്ള ചർച്ചകളും യോഗങ്ങളിൽ നടന്നിട്ടുണ്ട്.

<u>ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2024-25 ൽ 23 തവണയാണ് യോഗം ചേർന്നത്. 19 സാധാരണ

യോഗങ്ങളും 4 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ അംഗീകരിക്കുന്നത്/ നിരസിക്കുന്നത് സംബന്ധിച്ചും, വിധവകളുടെ മക്കളുടെ ധനസഹായത്തിനുള്ള അപേക്ഷകൾ അംഗീകരിക്കുന്നത് സംബന്ധിച്ചും, മരണപ്പെട്ട ഗുണഭോക്താക്കളുടെ സാമൂഹ്യസുരക്ഷ പെൻഷൻ സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്, പെൻഷൻ അപേക്ഷകൾ സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ചും, 2024-25 സ്പിൽഓവർ പദ്ധതി അംഗീകരിക്കുന്നത് സംബന്ധിച്ചും, 2024-25 വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ചും, 2024-25 വാർഷിക പദ്ധതി പുരോഗതി വിലയിരുത്തുന്നത് സംബന്ധിച്ചും, 2025-26 വാർഷിക ബജറ്റ് പ്രൊപ്പോസലുകൾ സംബന്ധിച്ചും എന്നിങ്ങനെ മിനിട്സ് വിശദവും വ്യക്തവുമായി എഴുതിയിട്ടുണ്ട്. വയോജന ക്ഷേമം, ജാഗ്രത സമിതി എന്നിങ്ങനെയുള്ള തീരുമാനങ്ങൾ കമ്മിറ്റി എടുത്തിട്ടുണ്ട്.

**ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 23 തവണയാണ് യോഗം ചേർന്നത്. 22 സാധാരണ യോഗങ്ങളും 1 അടിയന്തിര/പ്രത്യേക യോഗവുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണ പരിപാടി, മാലിന്യ സംസ്കരണം /മാലിന്യ സംസ്കരണം- അവലോകനം സംബന്ധിച്ചും, ഹരിത കർമ്മസേനയുടെ മാലിന്യ സംസ്കരണ പുരോഗതി വിലയിരുത്തുന്നത് സംബന്ധിച്ചും, ആരോഗ്യ ക്യാമ്പ് സംഘടിപ്പിക്കുന്നത് സംബന്ധിച്ചും, 2023-24 ഹെൽത്ത് ഗ്രാൻറ് വിനിയോഗം, 2024-25 വാർഷിക പദ്ധതി, 2024-25 വാർഷിക പദ്ധതി ഭേദഗതി, 2024-25 വാർഷിക പദ്ധതി അവലോകനം, 2025-26 വാർഷിക ബജറ്റ് പ്രൊപ്പോസലുകൾ തുടങ്ങിയ പലവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

5) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം വിവിധ യോഗങ്ങൾ ചേർന്നിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി നടത്തിയ വാങ്ങലുകളിൽ കമ്മിറ്റി ഇടപെട്ടിട്ടുണ്ട്.

6) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

8) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ എഴുതി കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

9) 1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1-10 ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ ഈടാക്കിയില്ല.**

തൊഴിൽ നികുതി രജിസ്റ്റർ, പത്രിക എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പരാമർശിക്കുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്ഷീരോൽപാദക സഹകരണ | തൊഴിൽ നികുതി അടാക്കേണ്ടുന്ന |
| --- | --- |

| സംഘത്തിന്റെ പേര് | കാലയളവ് |
|---|---|
| മുന്നാട് ക്ഷീരസംഘം | 2024-25 ഒന്നും രണ്ടും അർദ്ധ വർഷം |
| കൊളത്തൂർ ക്ഷീരസംഘം | ” |
| കുണ്ടംകുഴി ക്ഷീരസംഘം- | ” |
| കൊട്ടോടി ക്ഷീരസംഘം | ” |
| കാനത്തൂർ ക്ഷീരസംഘം | ” |
| ബേത്തൂർ പാറ ക്ഷീരസംഘം | ” |

മേൽ പരാമർശിച്ച ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/07.07.2025

## 1-11 വസ്തു നികുതി -തെറ്റായ നിരക്കിൽ നികുതി നിർണ്ണയിച്ചു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പാർപ്പിടം, വാണിജ്യം എന്നീ ഗണങ്ങളിൽ ഉൾപ്പെട്ട കെട്ടിടത്തിന് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | 7 |
| 2 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. മുകളിലുള്ളവ | 10 |

എന്നാൽ താഴെ പറയുന്ന പാർപ്പിട ഗണത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന് ഇപ്രകാരമുള്ള നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, വിശദാംശം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (M2) | നിർണയിച്ച നികുതി നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | ശ്രീ അർജ്ജു പി.വി, നെല്ലിമൊട്ട (300 M2 ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടം) | 10/308 A | 335.12 M2 | 7/M2 | 10/M2 |

വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/07.07.2025

**1-12 വസ്തു നികുതി നിർണ്ണയം- സ്വിമ്മിംഗ് പൂളിന്റെ തറ വിസ്തീർണ്ണം പരിഗണിച്ചില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 (3) പ്രകാരം കെട്ടിടത്തോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ 9ാം വാർഡിൽ മുന്നാട് എന്ന സ്ഥലത്ത് 9/166 C മുതൽ Q വരെ നമ്പറുകൾ അനുവദിച്ചിട്ടുള്ള ശ്രീ. അജിത്ത് കുമാർ കെ.പി, ശ്രീ. നിധീഷ് കുമാർ ബി.കെ, ശ്രീ. സന്ദീപ് വാണിയൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള സാന്റൽ മിസ്റ്റ് റിസോർട്ട് എന്ന സ്ഥാപനത്തെ പാർപ്പിടാവശ്യം-റിസോർട്ട് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച റെഗുലറൈസേഷൻ പ്ലാനിൽ പ്രധാന കെട്ടിടത്തിന് സമീപമായി ഒരു സ്വിമ്മിംഗ് പൂൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ പ്രസ്തുത സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/ 08.07.2025

**1-13 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി.**

2024-25 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുകയാണ് സിമന്റ് വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ളത്. SECURE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 11,520 രൂപയാണ് സോഫ്റ്റ്‌വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 576 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്. ഈ നിരക്കിൽ ടെണ്ടർ ചെയ്യുകയും പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സിമന്റ് വിതരണം ചെയ്ത വെണ്ടർമാർക്ക് നൽകിയ വിലയും സിമന്റിന് നിലവിലുള്ള മാർക്കറ്റ് നിരക്കും താരതമ്യം ചെയ്യുമ്പോൾ വെണ്ടർമാർക്ക് നൽകിയ നിരക്ക് മാർക്കറ്റ് നിരക്കിനേക്കാൾ അധികം ആണെന്ന് കാണുന്നു.

2024-25 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി മാർക്കറ്റ് നിരക്ക് ഒരു ചാക്കിന് 400 രൂപയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ ശരാശരി മാർക്കറ്റ് നിരക്കിനെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 5/19 ചെമ്പോത്തുങ്കാൽ മടിക്കിക്കണ്ടം റോഡ് കോൺക്രീറ്റ് (16010020001/RC/GIS/106920) എന്ന പ്രവൃത്തിയുടെ സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരൻ ശ്രീ. മുഹമ്മദ് കുഞ്ഞി കെ എന്നയാൾ സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ ബിൽ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് നം, തീയ്യതി | അളവ് | നിരക്ക് |
|---|---|---|---|
| വിശ്വശര ട്രേഡേഴ്സ്, കുണ്ടംകുഴി | 017/18.04.2024 | 100 Kg | 422.40/Kg |

| | | | |
|---|---|---|---|
| | 142/26.08.2024 | 100 Kg | 358.40/Kg |

മേൽ ബില്ലുകൾ പ്രകാരമുള്ള സിമന്റിന്റെ വില 422.40, 358.40 എന്നിങ്ങനെയാണ്. എന്നാൽ ടി പ്രവൃത്തിയുടെ അളവ് പുസ്തകം പേജ് നം. 15 പ്രകാരം കരാറുകാരന് അനുവദിച്ചത് എസ്റ്റിമേറ്റ് പ്രകാരമുള്ള 576 രൂപ നിരക്കിലാണ്. SECURE സോഫ്റ്റ്‌വെയറിലെ നിരക്ക് അതേപടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽപെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNREGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ ALP/AW/20/2022-ലെ ഉത്തരവ്.)

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം തൊഴിലുറപ്പ് പദ്ധതി മിഷൻ അധികൃതരുടെ ശ്രദ്ധയിൽപെടുത്തി സോഫ്റ്റ്‌വെയറിലെ നിരക്കുകൾ കാലികമായി പരിഷ്കരിച്ച് അപാകതകൾ ആവർത്തിക്കുന്നത് പരിഹരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.27/08.07.2025

**1-14 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2024-25 വർഷം 5,61,134/- രൂപ കെ.എസ്.ഇ.ബി.യുടെ ചട്ടഞ്ചാൽ, കുറ്റിക്കോൽ സെക്ഷനുകളിൽ ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ ഓരോ മാസവും വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവിന്റെ ആധികാരികത പരിശോധിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(1) ഗ്രാമ പഞ്ചായത്തിലെ വാർഡു തലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുന്ന രജിസ്റ്റർ.

(2) മുൻ വർഷങ്ങളിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വിവരം.

(3) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട രജിസ്റ്റർ.

(4) എം.പി, എം.എൽ.എ എന്നിവരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം .

(5) മീറ്ററുകൾ സ്ഥാപിക്കാത്ത തെരുവ് വിളക്കുകളുടെ വിശദവിവരം .

(6)കെ.എസ്.ഇ.ബി.യുമായി തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല. മേൽ സൂചിപ്പിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.12/7.7.2025

**1-15 കുടിവെള്ള വിതരണം പദ്ധതി - അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം.12/25

അടങ്കൽ - 436234/-രൂപ - പ്ലാൻ ഫണ്ട് ജനറൽ

ചെലവ് - 436234/-രൂപ

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാനാണ് ഈ പദ്ധതി. ശ്രീ ഉദയൻ.സി, PWD കോൺട്രാക്ടർ, തെരുവത്ത് ഹൗസ്, ബേഡഡുക്ക എന്നവർ സമർപ്പിച്ച, 2000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 49/-രൂപ, 5000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 118/-രൂപ എന്നീ കുറഞ്ഞ നിരക്കുകളിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയും ഭരണസമിതി തീരുമാനം നം.2(1)/17.4.2024 പ്രകാരം 18.4.2024 ന് കരാർ ഒപ്പിട്ട് 19.4.2024 മുതൽ കുടിവെള്ള വിതരണം ആരംഭിക്കുകയും ചെയ്തു. കുടിവെള്ള വിതരണം നടത്തുന്നതിനുള്ള പ്രധാന നിബന്ധനകൾ താഴെപ്പറയുന്നു.

1.ഒരു ദിവസം 20000 മുതൽ 30000 വരെ ലിറ്റർ വെള്ളം വിതരണം ചെയ്യണം.

2.ആരോഗ്യ വകുപ്പ് പരിശോധന നടത്തി ഉപയോഗയോഗ്യമാണെന്ന് ടെസ്റ്റ് റിപ്പോർട്ട് ഹാജരാക്കണം.

3.ജി.പി.എസ് ട്രാക്കിംഗ് സംവിധാനമുള്ള വാഹനം ഉപയോഗിക്കണം.

4.മാനുവൽ ലോഗും ജി.പി.എസ് ലോഗും പ്രത്യേകം പ്രത്യേകം സൂക്ഷിച്ച് പരിശോധനക്ക് ഹാജരാക്കണം.

5.വാഹനത്തിലും വിതരണ സ്ഥലത്തും ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കണം.

6.ഓരോ ദിവസവും വിതരണം ചെയ്യേണ്ട കുടിവെള്ളത്തിന്റെ അളവും സ്ഥലവും ഗ്രാമപഞ്ചായത്ത് ദിവസേന അറിയിക്കുന്ന പ്രകാരമേ വിതരണം നടത്താവൂ. കൂടാതെ ഓരോ ദിവസവും വിതരണം ചെയ്യേണ്ട കുടിവെള്ളത്തിന്റെ അളവ് അതാത് ദിവസം സെക്രട്ടറി/ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്യണം.

7.വിതരണം ചെയ്തതിന് തുക അനുവദിക്കുന്നതിനായി 10 ദിവസം കൂടുമ്പോൾ വാഹനത്തിന്റെ മാനുവൽ, ജി.പി.എസ് ലോഗ്, ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് കൂടി പരിഗണിച്ച് തുക നൽകുന്നതായിരിക്കും.

8.വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷൂറൻസ് രേഖകൾ, ഡ്രൈവറുടെ ലൈസൻസ്/ബാഡ്ജ്, മറ്റ് നിയമാനുസൃത രേഖകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

താഴെപ്പറയും പ്രകാരം കുടിവെള്ളം വിതരണം ചെയ്തതിന് ബിൽ റഫറൻസ് നം.242007520038003855l2/8.7.2024 പ്രകാരം ആകെ 4,36,234/-രൂപയിൽ ആദായനികുതി 4362/-രൂപ, ജി.എസ്.ടി 8724/-രൂപ എന്നിവ കിഴിച്ച് 4,23,148/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാഹന നമ്പർ | ഓടിയ കിലോ മീറ്റർ | തുക/ കി.മീ | ആകെ | റിമാർക്സ് |
|---|---|---|---|---|---|
| 1 | KL-14- | 812.01 | 49 | 39788.49 | |

| | | | | | |
|---|---|---|---|---|---|
| | AD-6231 | | | | |
| 2 | KL-14-J-6669 | 1637.32 | 49 | 80228.68 | |
| 3 | KL-14-W-5773 | 2661.35 | 118 | 316216.4 | യഥാർത്ഥത്തിൽ നൽകേണ്ട തുക 314039/-രൂപയാണ് |
| | | | ആകെ | 436233.57 | |

തുക നൽകുന്നതിന് ആധാരമായി കരാറുകാരൻ താഴെപ്പറയുന്ന രേഖകളാണ് ഹാജരാക്കിയത്.

1. KL-14-J-6669 വാഹനത്തിന്റെ മാന്വൽ, ജി.പിഎസ് ലോഗ്, നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്.

2. KL-14-W-5773 വാഹനത്തിന്റെ മാന്വൽ ലോഗ്, ജി.പി.എസ് മാപ്, നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം.

3. KL-14-AD-6231 വാഹനത്തിന്റെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്.

ഈ പദ്ധതിക്ക് തുക നൽകിയതിന്റെ രേഖകൾ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. കുടിവെള്ളം ആരോഗ്യ വകുപ്പ് പരിശോധന നടത്തി ഉപയോഗയോഗ്യമാണെന്ന ടെസ്റ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2. KL-14-AD-6231 വാഹനത്തിന്റെ മാനുവൽ ലോഗും ജി.പി.എസ് ലോഗും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. KL-14-W-5773 വാഹനത്തിന്റെ ജി.പി.എസ് മാപ് ആണ് ഹാജരാക്കിയത്. ജി.പി.എസ് ലോഗ് ഹാജരാക്കിയിട്ടില്ല.

4. ഓരോ ദിവസവും വിതരണം ചെയ്യേണ്ട കുടിവെള്ളത്തിന്റെ അളവും സ്ഥലവും സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ അറിയിപ്പ്, വിതരണം ചെയ്യേണ്ട കുടിവെള്ളത്തിന്റെ അളവ് അതാത് ദിവസം സെക്രട്ടറി/ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന് ആധാരമായ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

5. വിതരണത്തിന് ഉപയോഗിച്ച 3 വാഹനങ്ങളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷൂറൻസ് രേഖകൾ, ഡ്രൈവറുടെ ലൈസൻസ്/ബാഡ്ജ്, മറ്റ് നിയമാനുസൃത രേഖകൾ എന്നിവയുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

6. KL-14-W-5773 എന്ന വാഹനം ഓടിയത് 2661.35 കിലോമീറ്റർ ആണ്. കരാർ പ്രകാരം 118 രൂപ നിരക്കിൽ 3,14,039/-രൂപ നൽകേണ്ടതിന് പകരം 3,16,216/-രൂപയാണ് കരാറുകാരന് നൽകിയത്. 2,177/-രൂപ അധികം നൽകിയിട്ടുണ്ട്.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 4,36,234/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.09/07.07.2025വിശദ വിവരം

**1-16 പാതയോരങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ പദ്ധതി-അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം.282/25

അടങ്കൽ - 5,61,450/-രൂപ (127500/-രൂപ –ധനകാര്യ കമ്മീഷൻ അവാർഡ്+425000/-രൂപ – കേന്ദ്രാവിഷ്കൃത ഫണ്ട് +8950/-രൂപ - തനത് ഫണ്ട് )

ചെലവ് - 1,10,320/-രൂപ –ധനകാര്യ കമ്മീഷൻ അവാർഡ്

യാത്രക്കിടയിലും മറ്റും പാതയോരങ്ങളിൽ ബോട്ടിലുകൾ വലിച്ചെറിയുന്നത് ഒഴിവാക്കാനായി ഗ്രാമപഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാനാണ് ഈ പദ്ധതി. IRTC PROJECT IMPLIMENTATION UNIT മുണ്ടൂർ, പാലക്കാട് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 10.12.2024 ന് നം.SC2/General/2024 പ്രകാരം IRTC PROJECT IMPLIMENTATION UNIT ന് മാതൃക, സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകി. തുടർന്ന് IRTC PROJECT IMPLIMENTATION UNIT കത്ത് നം.IRTC-PIU/(E)71/24-25/Dt.31.12.2024 പ്രകാരം ധാരണാ പത്രവും മുൻകൂർ തുകയും ആവശ്യപ്പെട്ടു. 27.12.2024 ന് 56 സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിന് ധാരണാപത്രം ഒപ്പുവെച്ചു. ധാരണാപത്രം പ്രകാരം 56 എണ്ണത്തിന് 9850/-രൂപ നിരക്കിൽ ആകെ 5,51,600/-രൂപയാണ് ചെലവ്. ഭരണസമിതി തീരുമാനം നം.1(2)/4.1.2025 പ്രകാരം 20% മുൻകൂർ തുകയായി 1,10,320/-രൂപ വൗച്ചർ നം.22400735/Dt.7.1.25 മുഖേന IRTC PROJECT IMPLIMENTATION UNIT ന് കൈമാറിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. 10.12.2024 ന് നം.SC2/General/2024 പ്രകാരം സെക്രട്ടറി IRTC PROJECT IMPLIMENTATION UNIT ന് മാതൃക, സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ നൽകാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. എന്നാൽ മാതൃക, എസ്റ്റിമേറ്റ് എന്നിവയും ഇതിന് ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ അംഗീകാരം നൽകിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

2. 31.12.2024 നാണ് IRTC PROJECT IMPLIMENTATION UNIT കത്ത് നം.IRTC-PIU/(E)71/24-25 പ്രകാരം ധാരണാപത്രവും മുൻകൂർ തുകയും ആവശ്യപ്പെട്ടത്. പക്ഷെ ഇതിന് മുമ്പ് 27.12.2024 ന് 56 സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിന് സെക്രട്ടറി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

3. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവ് തുക 1,10,320/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.18/08.07.2025

**1-17 MCF, RRF എന്നവിടങ്ങളിലേക്ക് CCTV Camera, Fire Extinguisher സ്ഥാപിക്കൽ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം.216/25

അടങ്കൽ - 2,93,937/-രൂപ – ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 2,92,000/-രൂപ

ഗ്രാമപഞ്ചായത്ത് MCFലേക്ക് CCTV Camera, Fire Extinguisher എന്നിവ സ്ഥാപിക്കാനുള്ള ഈ പദ്ധതി കെൽട്രോൺ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. കെൽട്രോൺ കമ്മ്യൂണിക്കേഷൻ പ്രൊജക്റ്റ് ഗ്രൂപ്പ് മോൺവില, കുളത്തൂർ ഇതിനായി 21.1.2025 ന് നം.KCC/CPGG.36/24.25/1799 പ്രകാരം 2,92,000/-

രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഇത് അംഗീകരിച്ച് പ്രവൃത്തി നൽകുകയും ചെയ്തു. ആകെ 9 CCTV Camera, 10 Fire Extinguisher എന്നിവയാണ് സ്ഥാപിക്കേണ്ടത്. കെൽട്രോണിന്റെ ഇൻവോയ്സ് നം.CPG/P109/24-25/Dt.28.1.25 പ്രകാരം 40% മുൻകൂർ ഇനത്തിൽ 1,16,800/-രൂപ വൗച്ചർ നം.22400870/Dt.11.2.25 മുഖേനയും ഇൻവോയ്സ് നം.CPG/18988/24-25/Dt.5.3.25 പ്രകാരം ബാക്കി 1,75,200/-രൂപ വൗച്ചർ നം.22400960/Dt.12.3.25 മുഖേനയും കെൽട്രോണിന് കൈമാറി. ഈ പദ്ധതി പൂർത്തീകരിച്ചതിന് ആധാരമായ രേഖകളൊന്നും ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ പ്രവൃത്തിക്ക് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ, CCTV Camera, Fire Extinguisher എന്നിവ വിതരണം ചെയ്തു, സ്ഥാപിച്ച്, ടെസ്റ്റ് ചെയ്തു, കമ്മീഷൻ ചെയ്തത് സംബന്ധിച്ച രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 2,92,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.17/08.07.2025

## 1-18 കുണ്ടൂച്ചി പാലേരിച്ചാൽ വി.സി.ബി ക്ക് പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി-അധികം വിഹിതം ഒടുക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം.228/25

അടങ്കൽ - 200000/-രൂപ – തനത് ഫണ്ട്

ചെലവ് - 200000/-രൂപ

കാസറഗോഡ് വികസന പാക്കേജിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുണ്ടൂച്ചി വി.സി.ബി - കം - ബ്രിഡ്ജിന്റെ ഗ്രാമപഞ്ചായത്ത് വിഹിതം ഒടുക്കുന്നതിനാണ് ഈ പദ്ധതി. എക്സി.എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം കാസറഗോഡിന്റെ കത്ത് നം.ഡി1-6670/2022/IA/Dt.24.7.2024, 2.8.2024 എന്നിവ പ്രകാരം പ്രസ്തുത പദ്ധതിയുടെ 1% തുകയായ 1 ലക്ഷം രൂപ മൈനർ ഇറിഗേഷൻ ഡിവിഷൻ കാസറഗോഡിന്റെ 8443-00-108-PW Deposit(NV) എന്ന ശീർഷകത്തിൽ ഒടുക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ബിൽ റിക്വിസിഷൻ നം.5119307201240020/23.9.24 പ്രകാരം 200000/-രൂപ ഒടുക്കിയിട്ടുണ്ട്.

ഈ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി ആവശ്യപ്പെട്ട 1 ലക്ഷം രൂപക്ക് പകരം 2 ലക്ഷം രൂപ ഒടുക്കിയതിന് വിശദീകരണം നൽകിയിട്ടില്ല. തുക ഒടുക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ വിവരങ്ങൾ, പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 2,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.19/08.07.2025

## 1-19 വിദ്യാർത്ഥികൾക്ക് പഠനോപകരണം -പട്ടികവർഗ്ഗം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.28/25

അടങ്കൽ - 100000/-രൂപ - ടി.എസ്.പി

ചെലവ് - 99300/-രൂപ

ബിൽ റഫറൻസ് നം.24200752011901582198/18.3.2025 - 99300/-രൂപ

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ആകെ 27 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത തോട്ടത്തിൽ എന്റർപ്രൈസസ് ചെർക്കള എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയത്. ബിൽ നം.209/17.3.2025 പ്രകാരം ആകെ 27 മേശ, 27 കസേര എന്നിവ സ്ഥാപനം വിതരണം ചെയ്തത് പ്രകാരം ആകെ 99,300/-രൂപ നൽകി. വിതരണ രജിസ്റ്റർ പ്രകാരം 27 വിദ്യാർത്ഥികൾക്ക് ഇവ വിതരണം ചെയ്തു. പഠനോപകരണങ്ങൾ അനുവദിച്ചവരുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ പകുതിയിലധികം വിദ്യാർത്ഥികളുടെയും പ്രധാനപ്പെട്ട രേഖയായ സ്കൂൾ സർട്ടിഫിക്കറ്റ് ഇല്ലായിരുന്നു. ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം സ്കൂളുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കുകയാണ് ചെയ്തത്. ഇത് ശരിയായ നടപടിയല്ല. സ്കൂൾ സർട്ടിഫിക്കറ്റ് അടക്കം എല്ലാ രേഖകളും മുൻകൂട്ടി വാങ്ങി ഉറപ്പ് വരുത്തിയതിന് ശേഷമെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാവൂ. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.13/07.07.2025

## 1-20 വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല.

മുൻവർഷങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട് ധനസഹായം കൈപ്പറ്റിയ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | തുക അനുവദിച്ച തീയ്യതി | അനുവദിച്ച തുക | വിഭാഗം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| ശ്രീമതി. ലക്ഷ്മി W/O മാധവൻ | 4.10.2021 | 80,000 | എസ്.ടി | ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| ശ്രീമതി. കല്യാണി D/O കൈക്കളൻ കൊല്ലംപണ | 12.12.2023<br>16.02.2024 | 2,00,000<br>90,000 | എസ്.ടി | ചുമർ വരെ പൂർത്തീകരിച്ചിട്ടുണ്ട്. |

ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെയും പൂർത്തീകരിക്കാത്ത മേൽപട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ ലംഘനത്തിന് ഗുണഭോക്താക്കൾക്കെതിരെ നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 15/ 08.07.2025

## 1-21 ഭവന പുനരുദ്ധാരണ പദ്ധതി- പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | S071/25 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം- എസ്.സി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് - എസ്.സി.പി- 3,00,000 |

| | |
|---|---|
| ചെലവ് തുക | 2,25,000/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 24200752012301507788 തീയ്യതി.12.03.2025 Rs.75,00,000/- |
| | 24200752012301135819 തീയ്യതി.06.01.2022 Rs.75,00,000/- |
| | 24200752012301090854 തീയ്യതി.26.12.2024 Rs.75,00,000/- |

ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ഭവന പുനരുദ്ധാരണം (എസ്.സി) പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി.ജാനകി, ശ്രീമതി.ഗീത എന്നീ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം പദ്ധതിക്കായി ആകെ 2,25,000 രൂപ നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | നൽകിയ തുക |
|---|---|---|---|
| 1 | ശ്രീമതി ജാനകി<br>D/O അമ്പു.വി, മാർഗം ഹൗസ്<br>കുണ്ടംകുഴി | 40630101098385 | 75,000/- 26.12.2024<br>75,000/- 12.03.2025 |
| 2 | ശ്രീമതി ഗീത,<br>W/O വിജയൻ.കെ<br>കാനത്തിൽ വീട് | 40630101081996 | 75,000/- 06.01.2025 |

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവായ ശ്രീമതി ഗീത നാളിതുവരെയായിട്ടും ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.16/08.07.2025

**1-22 പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 103 /2024-25 |
| പ്രോജക്റ്റ് | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് |
| അടങ്കൽ തുക | 2,00,000രൂപ |
| ചെലവ് തുക | 2,00,000രൂപ |
| ബിൽ നമ്പർ/ തിയ്യതി | 31/2024-25,തിയ്യതി : 25.3.2025, തുക -54,000- രൂപ<br>32/2024-25,തിയ്യതി : 25.3.2025, തുക -1,46,000- രൂപ |
| **ആകെ** | 2,00,000രൂപ |

| ഫണ്ട് ഇനം | വികസന ഫണ്ട് ( ജനറൽ ) |
|---|---|

പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 2,00,000 രൂപ മേൽ ബില്ലുകൾ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് പച്ചക്കറി കൃഷിക്കുള്ള കൂലിച്ചെലവ് തീരുമാനിക്കേണ്ടത്. എന്നാൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 101 ഗുണഭോക്താക്കളുടെ, പച്ചക്കറി കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ജില്ല ഓഡിറ്റ് കാര്യാലയത്തിലേക്ക് ഈമെയിൽ മുഖാന്തിരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മറുപടി പ്രകാരം ലഭ്യമായ രണ്ട് അപേക്ഷകളിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. മേൽ അപേക്ഷകളിലെ കർഷകർക്ക് 4,000 (2000+2000) രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ഗുണഭോക്താക്കളുടെ പേര്, സബ്സിഡി തുക, കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി എന്നിവയടങ്ങുന്ന സ്റ്റേറ്റ്മെന്റ്, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 1,96,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 26/8.7.2025

**1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നും ലഭ്യമാക്കിയില്ല –ചെലവ് തടസ്സപ്പെടുത്തുന്നു.**

| പ്രോജക്ട് നമ്പർ | 133/2024-25 |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) 6,00,000/- |
| ബിൽ നമ്പർ & തീയ്യതി | 242007520151011103418 തീയ്യതി.27-12-2024<br>തുക 6,00,000/-രൂപ |
| ചെലവ് തുക | 6,00,000/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ ഡിസ്പൻസറി, ബേഡഡുക്ക |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വേണ്ടി രൂപീകരിച്ച മേൽ പദ്ധതി പ്രകാരം മെഡിക്കൽ ഓഫീസർ മേൽ ബിൽ പ്രകാരം 6 ലക്ഷം രൂപ പിൻവലിച്ച് HOMCO യ്ക്ക് നൽകിയിട്ടുണ്ട്(അക്കൗണ്ട് നം.34306403911 എസ് ബി ഐ). ഓഡിറ്റ് തീയ്യതി വരെ HOMCO ലഭ്യമാക്കിയ മരുന്നിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| **ഇൻവോയിസ് നമ്പർ & തീയ്യതി** | **ലഭ്യമാക്കിയ മരുന്നിന്റെ വില** | **മരുന്ന് കൈപ്പറ്റിയ സ്ഥാപനം** |
|---|---|---|
| LF – 2747/02-03-2025 | 1,00,368 | ഗവ.ഹോമിയോ ഡിസ്പൻസറി, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് |
| LF – 2548/13-02-2025 | 1,96,659 | |
| LF – 3095/25-03-2025 | 1,80,166 | |
| **ആകെ** | **4,77,193/-** | |

HOMCO യ്ക്ക് തുക നൽകിയിട്ട് ഏറെ നാളായിട്ടും മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ലെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാണ്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച

നടപടികളുടെ വിവരം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ സമയത്ത് ലഭ്യമാക്കിയില്ലെങ്കിൽ ആശുപത്രിയിൽ എത്തിച്ചേരുന്ന രോഗികൾക്ക് കൃത്യമായ സേവനം നൽകാൻ പറ്റാത്ത സാഹചര്യം ഉണ്ടാകാനിടയുണ്ട്. ഇത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതാണ്. ആയതിനാൽ അവശേഷിക്കുന്ന മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വിലയായ 1,22,807/- രൂപ (6,00,000 – 4,77,193) തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.21/08.07.2025

## 1-24 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ താലൂക്ക് ആശുപത്രി ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതും വാർഷിക വരവു ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.08/03.07.2025

## 1-25 തെങ്ങ്,കവുങ്ങ് കർഷകർക്ക് രാസവളം-രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ തെങ്ങ്, കവുങ്ങ് കർഷകർക്ക് രാസവളം പദ്ധതി നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു .

**നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ**

| | |
|---|---|
| പ്രോജക്ട് നമ്പർ | 84/2024 -25 |
| പ്രോജക്ട് | തെങ്ങ്,കവുങ്ങ് കർഷകർക്ക് രാസവളം |
| അടങ്കൽ തുക | 6,27,955രൂപ |
| ആകെ ചെലവ് തുക | 6,27,955രൂപ |
| ബിൽ നമ്പർ , തിയ്യതി, തുക | (1) 12/2024-25 തുക 5,52,748 രൂപ |
| | (2) 12/2024-25 തുക 4,250 രൂപ |
| | (3) 12/2024-25 തുക 70,957 രൂപ |
| **ആകെ** | **6,27,955 രൂപ** |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) |

പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മേൽ ബിൽ പ്രകാരം ആകെ 6,27,955 രൂപ 337 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, തെങ്ങ്, കവുങ്ങ് കർഷകർക്ക് രാസവളം വാങ്ങിയ വകയിൽ സബ്സിഡി മാനദണ്ഡ പ്രകാരം ബിൽ തുകയുടെ 50% തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ

അപേക്ഷകളിൽ തെങ്ങ്, കവുങ്ങ് എന്നിവയുടെ എണ്ണം സംബന്ധിച്ച് വിശദവിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ തെങ്ങ്, കവുങ്ങ് എന്നിവയുടെ എണ്ണത്തിന് ആനുപാതികമായി ഉപയോഗിക്കേണ്ടുന്ന രാസവളത്തിന്റെ അളവിന്റെ കൃത്യത പരിശോധിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ 337 ഗുണഭോക്താക്കളിൽ അഞ്ച് പേരുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേര്, തെങ്ങുകളുടെയും കവുങ്ങുകളുടെയും എണ്ണം, രാസവളത്തിന്റെ അളവ്, രാസവളത്തിന്റെ വില, സബ്സിഡി തുക എന്നിവയടങ്ങുന്ന സ്റ്റേറ്റ്മെന്റ്, ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 6,27,955 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.28/7.7.2025

## 1-26 SSK വിഹിതം അടവാക്കൽ-പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതി നം. 85/2024-25 - എസ്.എസ്.കെ വിഹിതം അടവാക്കൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 15,00,000 രൂപ State Project Officer-SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ചതുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.കെ വിഹിതം- 85/2024-25 | 15,00,000 | 236/ തീ.30-12-2024=13,00,000 (വികസന ഫണ്ട് )<br>22400689/23-12-2024=2,00,000 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6(3),(4),(5) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. പ്രോജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുകയുണ്ടായി.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള, എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3. ഓരോ സ്കൂളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ കാര്യങ്ങൾക്ക് എത്രവീതം ചെലവഴിച്ചു തുടങ്ങിയ വിവരങ്ങളൊന്നും ഇല്ലാത്ത സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക 8-6 (3), (4), (5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ഖണ്ഡികയിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ കാര്യങ്ങൾക്ക് എത്രവീതം തുക SSK ചെലവഴിച്ചു തുടങ്ങിയ വിവരങ്ങളുൾപ്പെടുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹15,00,000 തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം.24/ 08.07.2025

**1-27 തുല്യത കോഴ്സ് ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല.**

നിർവഹണം- പ്രധാന അധ്യാപകൻ

പ്രോജക്ട് നമ്പർ - 86/24-25 – തുടർ സാക്ഷരതാ പ്രവർത്തനം. അടങ്കൽ - 16,250 രൂപ (വികസന ഫണ്ട് - ജനറൽ), ചെലവ്- 16,250 രൂപ ( ബി.ആർ നം . 24200752014701579640/തീ. 18-03-2025).

മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതക്കായി 4 പഠിതാക്കളുടെ പരീക്ഷ ഫീസ് ഇനത്തിൽ 10,400 (4x2,600) രൂപയും, ഹയർസെക്കണ്ടറി തുല്യത കോഴ്സിനായി 3 പഠിതാക്കളുടെ പരീക്ഷ ഫീസ് ഇനത്തിൽ 5,850 (3x1,950) രൂപയും അടക്കം ആകെ 16,250രൂപ സാക്ഷരതാ മിഷനിൽ ഒടുക്കി (A/C-02880100113107-10,400/-,570026996123-5,850/-). ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

എ) പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 2.15(2) ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന പഠിതാക്കളുടെ കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയുന്നില്ലെന്ന് തെളിയിക്കുന്ന രേഖകൾ.

ബി) തുല്യതാ പഠനഫീസ് അനുവദിച്ച ഗുണഭോക്താക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ്, മാർക്ക് ലിസ്റ്റ് മുതലായവ). പ്ലസ് ടു വിഭാഗം തുല്യതാപരീക്ഷക്കായുള്ള പഠിതാക്കളുടെ പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ.

സി) ഗുണഭോക്താക്കൾ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ വിശദാംശങ്ങൾ.

ഡി) പ്രോജക്ട് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 16,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 25/08.07.2025

**1-28 തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വാങ്ങൽ -സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവു ചെയ്തില്ല.**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018 ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2024-25 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കരാറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ നിയമ പ്രകാരം കുറവു ചെയ്യേണ്ടിയിരുന്ന നികുതി ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടി കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | FTO നം./തീയ്യതി | കരാറുകാരനു നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി (2%) |
|---|---|---|---|---|
| 1 | 16/208-ബീബുംങ്കാൽ അടുക്കം റോഡ് കോൺക്രീറ്റ് കരാറുകാരൻ- സി ഉദൻ | 16528/21.01.2025 | 405718 | 8114 |
| 2 | 13/72- കാമലം വണ്ണാത്താൻ വീട് തറവാട് റോഡ് കോൺക്രീറ്റ് കരാറുകാരൻ- കെ മുഹമ്മദ് കുഞ്ഞി | 161187/01.08.2024 | 385953 | 7119 |
| 3 | 10/1014-കുണ്ടംപാറ പേത്താളംകയ ചുള്ളി റോഡ് കോൺക്രീറ്റ് കരാറുകാരൻ- അബ്ദുൾ നവാസ് ബി എം | 16927/07.12.2024 | 392070 | 7841 |
| 4 | 12/16-കുളിന്മരം പണമ്മൽ കമ്മാളംകയ റോഡ് കോൺക്രീറ്റ് കരാറുകാരൻ- അബ്ദുള്ള എ. ടി | 161339/23.11.2024 | 395607 | 7912 |

പേമെന്റ് നടത്തുവാൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളുടെയും പേമെന്റ് നടത്തുമ്പോൾ ബാധകമായ നികുതി കുറവ് ചെയ്ത് അടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-29 ഹെൽത്ത് ഗ്രാന്റ് -അവലോകനം.**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷ സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖല ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021-ന് പുറപ്പെടുവിച്ച 15(2)FC-XV/FCD/2020-25 നമ്പർ മാർഗ്ഗരേഖ, കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് ഗ്രാന്റ് വിനിയോഗിക്കുന്നത്. ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള തുടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2156/2022/LSGD തി 1.9.2022, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം 3/138/2023 തസ്വഭവ തീ 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരമാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

2021-22 മുതൽ 2025-26 വരെയാണ് പദ്ധതി കാലയളവ്. ഇതിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിന് 2021-22 കാലയളവിൽ ഗ്രാന്റ് ലഭിച്ചിട്ടില്ല. ഉത്തരവിലെ 6 സ്കീമുകളിൽ ക്രമ നമ്പർ 6-1സ്കീം(1), 6-3സ്കീം(3), 6-4സ്കീം(4) എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ള സ്കീമുകൾ. സ്കീമുകളുടെ വിവരം താഴെ ചേർക്കുന്നു

6-1 (1). കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം .

6-3 (3). ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

6-4 (4). ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

**1)ഗ്രാമ പഞ്ചായത്തിൽ 2022-23 മുതൽ 2024-25വരെ ലഭിച്ച ഹെൽത്ത് ഗ്രാന്റ് തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് താഴെ ചേർക്കുന്നു.**

| | സ്കീം 3 | | | സ്കീം 4 | | | സ്കീം 1 |
|---|---|---|---|---|---|---|---|
| | ഗ്രാന്റ് | ബാങ്ക് പലിശ | ആകെ | ഗ്രാന്റ് | ബാങ്ക് പലിശ | ആകെ | |
| **2021-22** | 0 | 0 | 0 | 0 | 0 | 0 | **സ്കീം 1 -ൽ വരവ് ഇല്ല** |
| **2022-23** | 3,17,303 | 2,387 | **3,19,690** | 2,40,000 | 1,700 | **2,41,700** | |
| **2023-24** | 957000 | 11,366 | **9,68,366** | 3,99,000 | 6,168 | **4,05,168** | |
| **2024-25** | 400000 | 14,658 | **4,14,658** | 6,34,000 | 6,357 | **6,40,357** | |

**2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)**

| വർഷം | സ്കീം -3 | സ്കീം - 4 | സ്കീം - 1 | ആകെ |
|---|---|---|---|---|
| **2021-22** | 0 | 0 | 0 | 0 |
| **2022-23** | 0 | 0 | 0 | 0 |
| **2023-24** | 8,96,339 | 4,69,297 | 0 | 13,65,636 |
| **2024-25** | 3,71,269 | 1,24,697 | 0 | 4,95,966 |
| **ആകെ** | **12,67,608** | **5,93,994** | **0** | **18,61,602** |

**3) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം**

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2023-24 | 222-ബേഡഡുക്ക താലൂക്ക് ആശുത്രിയിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 5,79,035 |
| | 223-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻറ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 2,29,297 |
| 2024-25 | 270-ബേഡഡുക്ക താലൂക്ക് ആശുത്രിയിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 3,71,268 |
| | 327-ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 1,24,696 |

**4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ബേഡഡുക്ക താലൂക്ക് ആശുപത്രിയിൽ സൃഷ്ടിച്ച ആസ്തികളുടെ വിശദവിവരം താഴെ ചേർക്കുന്നു.**

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ലാബിലേക്ക് ഇലക്ട്രോലൈറ്റ് അനലൈസർ | 80,712 രൂപ |
| 2 | സെമി ഓട്ടോ ബയോകെമിസ്ട്രി അനലൈസർ | 49,324 രൂപ |
| 3 | ഹെമറ്റോളജി അനലൈസർ | 4,48,999 രൂപ |

താഴെ ചേർത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ( FAMILY WELFARE CENTRE )ഫർണ്ണീച്ചർ ( 2,29,297രൂപ ) , മെഡിക്കൽ സാമഗ്രികൾ (2,80,441 രൂപ) എന്നിവ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | FAMILY WELFARE CENTRE |
|---|---|
| 1 | കൊളത്തൂർ |
| 2 | മരുതടുക്കം |
| 3 | നാരംതട്ട |
| 4 | ചേരിപ്പാടി |
| 5 | മുന്നാട് |
| 6 | കൊല്ലംപണ |
| 7 | മെയിൻ സെന്റർ |
| 8 | കുണ്ടുച്ചി |

**6) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ**

| ക്രമ നമ്പർ | സ്കീം | നീക്കിയിരിപ്പ് തുക | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | സ്കീം 1 | NO TRANSACTIONS | 626602010018991 |
| 2 | സ്കീം 3 | 4,35,106രൂപ | 626602010018992 |
| 3 | സ്കീം 4 | 6,93,231രൂപ | 626602010018990 |
| ആകെ (പലിശ ഉൾപ്പെടെ) | | 11,28,337രൂപ | |

ഈ തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല

**7) 2023-24,2024-25 വർഷങ്ങളിൽ സ്കീം 3, സ്കീം 4എന്നിവയിൽ ഉൾപ്പെടുത്തി ലഭ്യമായ തുക വിനിയോഗിച്ചിട്ടുണ്ട്. 2024-25 വർഷം സ്കീം 3, സ്കീം 4എന്നിവയ്ക്ക് ലഭിച്ച തുകയിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.**

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | തുക |
|---|---|---|---|
| 1 | 226/2025-26 | ബേഡഡുക്ക താലൂക്ക് ആശുപത്രിയിൽ രോഗ നിർണ്ണയ സംവിധാനം മെച്ചപ്പെടുത്തൽ | 6,697രൂപ |
| 2 | 227/2025-26 | ബേഡഡുക്ക താലൂക്ക് ആശുപത്രിയിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 4,00,000രൂപ |
| 3 | 228/2025-26 | ആരോഗ്യ ഉപ കേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തങ്ങൾ | 6,34,000രൂപ |
| | | **ആകെ** | **10,40,697രൂപ** |

മേൽ പദ്ധതികൾക്ക് 10,40,697രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഓരോ സാമ്പത്തിക വർഷത്തിലും ഹെൽത്ത് ഗ്രാന്റ് ഇനത്തിലുള്ള തുക വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി രൂപീകരിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ NHM പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ഗ്രാന്റ് ലഭ്യമാക്കുന്നത്. ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം തുക ലാപ്സാകുന്നതാണ്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്കാണ് സർക്കാർ, ഗ്രാമപഞ്ചായത്തിന് തുക അനുവദിച്ചിട്ടുള്ളത്. അതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.2/03.07.2025

## 1-30 ജലജീവൻ മിഷൻ പദ്ധതി-അവലോകനം

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകളിലൂടെ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം.37/2020 തിരു. തീ.

08.06.2020 ഉത്തരവ് പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്തഭരണാനുമതി നൽകുകയും നിർവഹണസംവിധാനം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ**

ഒന്നാം ഘട്ടമായ ഫേസ് 1 പ്രകാരം 9.81കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ഗ്രാമപഞ്ചായത്തിൽ പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളത്. 2016 DSR നെ ആധാരമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 5136 കണക്ഷനുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

പദ്ധതിയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഫേസ് 1 | | | |
|---|---|---|---|
| ആകെ ഗുണഭോക്താക്കൾ | 5136 | | |
| അടങ്കൽ തുക | 981.90 ലക്ഷം<br>പഞ്ചായത്ത് വിഹിതം-147.29 ലക്ഷം<br>ഗുണഭോക്തൃ വിഹിതം-98.19 ലക്ഷം | | |
| വിശദാംശങ്ങൾ | | **അടങ്കൽ** | **ഗുണഭോക്താക്കളുടെ എണ്ണം** |
| | Appendix A (By Retrofitting)<br>Estimate No. 2020/13818 | 74.50 ലക്ഷം | 436 |
| | Appendix B (By Augmentation/ Extention)<br>Estimate No. 2020/13977 | 907.40 ലക്ഷം | 4700 |
| | **ആകെ** | **981.90 ലക്ഷം** | **5136** |

മേൽ പട്ടിക പ്രകാരം പഞ്ചായത്ത് വിഹിതമായും ഗുണഭോക്തൃ വിഹിതമായും ഭീമമായ തുക പദ്ധതിക്കായി ആവശ്യമാണ്.

ജില്ലാ വാട്ടർ & സാനിറ്റേഷൻ മിഷൻ ചെയർമാൻ & ജില്ലാ കളക്ടറുടെ 09.06.2021ലെ JJM/ DWSMA/2020നം. ഉത്തരവ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണത്തിനായി ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ സഹായ സംവിധാനമായി പ്രവർത്തിക്കാനുള്ള ഇംപ്ലിമെന്റേഷൻ സപ്പോർട്ടിംഗ് ഏജൻസിയായി (ISA) തെരഞ്ഞെടുത്തത് സെന്റർ ഫോർ റീസേർച്ച് & ഡെവലപ്പ്മെന്റ് (CRD) നീലേശ്വരത്തിനെയാണ്.

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസിയായ CRD, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ ചേർന്ന് പദ്ധതിക്ക് വേണ്ടി ത്രികക്ഷി കരാറിൽ ( നമ്പർ 04 തീയ്യതി 21.10.2021) ഒപ്പിട്ടിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പ്രകാരം കരാർ തീയതി മുതൽ 18 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. കരാർ കാലാവധി കഴിഞ്ഞെങ്കിലും പദ്ധതി ഇതുവരെയായും ആരംഭിക്കുകയോ ഭൗതികലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല.

പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പമ്പ് ഹൗസ് നിർമ്മിക്കുന്നതിലേക്ക് അരമനപ്പി ളുക്കുപാലത്തിന്റെ സമീപം ശ്രീ. ബി എം ഉമ്മർ എന്നവരുടെ 12സെന്റ് സ്ഥലം സെന്റിന്

22,100/-രൂപ നിരക്കിൽ ആകെ 2,65,200/-രൂപയ്ക്ക് വാങ്ങാൻ 11.05.2022 തീയ്യതിയിലെ ഭരണസമിതി അജണ്ടയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ തുടർ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപനവിഹിതമായോ ഗുണഭോക്തൃവിഹിതമായോ തുകകളൊന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. പദ്ധതി ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ നാളിതുവരെ തുകകളൊന്നും പിരിച്ചെടുത്തിട്ടുമില്ല.

**പദ്ധതിയുടെ നിലവിലെ അവസ്ഥ**

ജലജീവൻ മിഷൻ പദ്ധതിക്കായി സ്ഥാപനവിഹിതമായോ ഗുണഭോക്തൃവിഹിതമായോ തുകകളൊന്നും വാട്ടർ അതോറിറ്റിക്ക് നൽകാത്തതിനാൽ പദ്ധതികളുടെ പൂർത്തികരണം സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും പദ്ധതിയുടെ സുഗമമമായ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.03/03.07.2025

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്) യുടെ വിഹിതം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ വിശദവിവരങ്ങൾ.

**1.മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

**(1.4.2024 മുതൽ 31.3.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചവരുടേത് ഒഴികെ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 04/24 - 17 | 8500 | 8500 | 0 | - |

| | | | | |
|---|---|---|---|---|
| 05/24 - 16 | 8000 | 8000 | 0 | - |
| 06/24 - 16 | 8000 | 8000 | 0 | - |
| 07/24 - 16 | 8000 | 8000 | 0 | - |
| 08/24 - 16 | 8000 | 8000 | 0 | - |
| 09/24 - 15 | 7500 | 7500 | 0 | - |
| 10/24 - 14 | 7000 | 7000 | 0 | - |
| 11/24 - 15 | 7500 | 7500 | 0 | - |
| 12/24 - 15 | 7500 | 7500 | 0 | - |
| 01/25 - 15 | 7500 | 7500 | 0 | - |
| 02/25 - 14 | 6500 | 6500 | 0 | - |
| 03/25 - 14 | 7000 | 7000 | 0 | - |
| ആകെ | 91000 | 91000 | 0 | - |

**2.മെഡിസെപ് പ്രീമിയം ഒടുക്ക് (1.4.2024 മുതൽ 30.6.2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അല്ലെങ്കിൽ 07/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 06/24 | 3500 (കുടിശ്ശിക ഈടാക്കിയിട്ടില്ല) | 3500 | 11500 (23 മാസം) | ശ്രീനിജ.എം- ക്ലാർക്ക് 27.6.2024 ന് ജോലിയിൽ പ്രവേശിച്ച |

ശ്രീനിജ.എം, ക്ലാർക്ക് 27.6.2024 ന് ജോലിയിൽ പ്രവേശിച്ചതിനാൽ 07/22 മുതൽ പ്രീമിയം ഒടുക്കേണ്ടതുണ്ട്. 23.6.2022 ലെ നം.70/2022/ധന സർക്കാർ ഉത്തരവിലെ Annexure-2 ൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാപ്രക്രിയകൾക്ക് അഥവാ അവയവമാറ്റ ശസ്ത്രക്രിയകളുള്ള Catastrophic Package (CP) ആനുകൂല്യം തങ്ങൾക്കും ആശ്രിതർക്കും ആവശ്യമില്ലായെന്ന് രേഖാമൂലം എഴുതി നൽകിയാൽ ഇവരെ കുടിശ്ശിക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അല്ലാത്തപക്ഷം കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**3.മെഡിസെപ് പ്രീമിയം ഒടുക്ക് (1.7.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

**4.മെഡിസെപ് പ്രീമിയം ഒടുക്ക് (1.8.2024 മുതൽ 31.3.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അല്ലെങ്കിൽ 07/24 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

**4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 200000 | പ്രോ.നം.83/25- സ്ഥിരം നെൽ കൃഷിക്ക് ആനുകൂല്യം | 200000 |
| | 2024-25 | 1600000 | പ്രോ.നം.151/25ലൈഫ് ഭവന നിർമാണം പട്ടിക വർഗ്ഗം | 100000 |
| | 2024-25 | 204800 | പ്രോ.നം.77/25-ലൈഫ് ഭവന നിരമാണം പട്ടിക ജാതി | 204800 |
| | 2024-25 | 560000 | പ്രോ.നം.156/25ലൈഫ് ഭവന നിർമാണം ജനറൽ | 360000 |
| | 2024-25 | 560000 | പ്രോ.നം.137/25ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 500000 |
| | 2024-25 | 280000 | പ്രോ.നം.95/25- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 280000 |
| | 2024-25 | 500000 | പ്രോ.നം.131 /25- കർഷകർക്ക് പാലിന് ഇൻസെന്റീവ് | 500000 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 200000 | പ്രോ.നം.224/25- ബേഡകം വിത്ത് തേങ്ങ സംഭരണവും ബേഡകം തെങ്ങിൻ തൈ വിതരണവും | 200000 |
| | 2024-25 | 240000 | പ്രോ.നം.83/25- സ്ഥിരം നെൽ കൃഷിക്ക് ആനുകൂല്യം | 240000 |
| | 2024-25 | 100000 | പ്രോ.നം.118/25- സാന്ത്വന പരിചരണം | 100000 |
| | 2024-25 | 1600000 | പ്രോ.നം.151/25ലൈഫ് ഭവന നിർമാണം പട്ടിക വർഗ്ഗം | 910000 |
| | 2024-25 | 100000 | പ്രോ.നം.77/25-ലൈഫ് ഭവന നിരമാണം പട്ടിക ജാതി | 100000 |
| | 2024-25 | 1048000 | പ്രോ.നം.76/25ലൈഫ് ഭവന നിർമാണം പട്ടിക വർഗ്ഗം | 980000 |
| | 2024-25 | 800000 | പ്രോ.നം.79/25ലൈഫ് ഭവന നിർമാണം പട്ടിക വർഗ്ഗം | 200000 |

| | | | | |
|---|---|---|---|---|
| | 2024-25 | 200000 | പ്രോ.നം.75/25ലൈഫ് ഭവന നിർമാണം ജനറൽ | 140000 |
| | 2024-25 | 640000 | പ്രോ.നം.156/25ലൈഫ് ഭവന നിർമാണം ജനറൽ | 320000 |
| | 2024-25 | 540000 | പ്രോ.നം.137/25ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 540000 |
| | 2024-25 | 160000 | പ്രോ.നം.95/25- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 160000 |
| | 2024-25 | 25000 | പ്രോ.നം.87/25- എസ് പി സി ക്ക് വിഹിതം നൽകൽ | 25000 |
| | 2024-25 | 300000 | പ്രോ.നം.131 /25- കർഷകർക്ക് പാലിന് ഇൻസെന്റീവ് | 131786 |

**4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ**

| നിർവ്വഹണ എജൻസി | പ്രോജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് കാസറഗോഡ് | പ്രോ.നം.123/25 കുണ്ടംകുഴി ടർഫ് കോർട്ട് കാനത്തിൽ അങ്കൺവാടി ബോർവെൽ നിർമ്മാണം. | വൗച്ചർ.നം 22400957 തി.17.01.2025 | 201957 | 201957 | 0 |
| | പ്രോ.നം.232/25 പെർളടുക്കം ഹോമിയോ ഡിസ്പെൻസറിക്ക് ബോർവെല്ലും അനുബന്ധ സൗകര്യങ്ങളും | വൗച്ചർ.നം 22400875 തി.17.01.2025, വൗച്ചർ.നം 22401017 തി.28.02.2025 | 120436 | 94935 25501 | 0 |
| | പ്രോ.നം.218/25 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | വൗച്ചർ.നം.22400902 തി.1.2.2025 | 238000 | 238000 | 0 |
| കെ.എസ്.ഇ.ബി | പ്രോ.നം.269/25 മാവിനക്കല്ല് - ചാണത്തല റോഡിലുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിക്ക് | വൗച്ചർ.നം 22400625 തി.23.11.2024 | 25840 | 25840 | 0 |

| | | | | | |
|---|---|---|---|---|---|
| | തുക കൈമാറൽ | | | | |
| കെൽട്രോൺ | പ്രോ.നം.218/25 എം.സി.എഫ് ആർ.ആർ.എഫ് എന്നിവിടങ്ങളിലേക്ക് സിസിടിവി ക്യാമറയും ഫയർ എസ്റ്റിംഗിഷറും സ്ഥാപിക്കൽ | വൗച്ചർ.നം 22400919 തി.11.2.2025 | 116800 | 116800 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-5 വായ്പാ/ വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ.(എം.എസ്) നമ്പർ.2278 തസ്വഭവ.തീയതി 18.8.2018 | 7,17,82,078 | 4,83,32,088 + 50,09,000 (തൻവർഷ വരവ്) = 5,33,41,088 | 47,57,790+ 91,585 =48,49,375/- | | 4,84,91,713 |

വായ്പ സംബന്ധിച്ച കണക്കുകൾ വാർഷിക കണക്കിൽ ശരിയായി പ്രതിഫലിക്കുന്നില്ല. ഇത് സംബന്ധിച്ച് ഖണ്ഡിക 1-1-7 ലെ പരാമർശങ്ങൾ കാണുക.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4200027 |
| തൻവർഷം നിക്ഷേപിച്ചത് | 4540960 |
| ആകെ | 8740987 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 4200027 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 4540960 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.**(31-3-2025)**

| ക്രമ നം | സ്ഥാപനത്തിന്റെ പേര്(ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി (Renewal) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | The Bedaduka Farmers SC Bank | 26.12.2024 | 26.12.2025 | 1082500 | FD-Accont. No.0401140003212/ |

| | | | | | |
|---|---|---|---|---|---|
| | Ltd, Kundamkuzhi | | | | തീ.26.12.2024 |
| 2 | The Kolathur Service Co-Operative Bank Ltd., Kolathur | 31.12.2024 | 31.12.2025 | 2861077 | Deposit No.5588 തീ.31.12.2024 |
| 3 | Kerala Bank, Kundamkuzhi | 27.12.2024 | 27.12.2025 | 597383 | FD.Accont.No.02723/ തീ.27.12.2024 |
| | | | | **ആകെ** **4540960** | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23-ാം** വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 ( Plan) | 21 | 2005-06 | 2.93 | പട്ടപ്പ് ശങ്കരമ്പാടി റോഡ് - ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അധികം തുക നല്കിയത് | ഖണ്ഡികയിലെപരാമർശിത നഷ്ടം 1,13,845/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ഈ ഓഫീസിൽ നിന്നും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഈ ഓഫീസ് കത്ത് നം കെ.എസ്.എ.കെ.എസ്.ഡി 9/301/2022തീ.13.04.2022 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.<br>(LFAC 2016-19- 54 മത് റിപ്പോർട്ട് ഖ.6&7) |
| 1999-00 ( Plan) | 22 | 2005-06 | 2.93 | കുണ്ടം കുഴി മിനിസ്റ്റേഡിയം കരാറുകാരന് അധികം നൽകിയത് 32179/- രൂപ | തുക ഈടാക്കുവാനായി ബേഡഡുക്ക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 28.6.2018 ന് ഓൺലൈൻ റവന്യൂ റിക്കവറി റിക്വിസിഷൻ നൽകിയതായും, ഇതിനെ |

| | | | | | |
|---|---|---|---|---|---|
| | | | | ഈടാക്കിയിട്ടില്ല | തിരെ നൽകിയ കേസിന്റെ വിധിപ്രകാരം റവന്യൂ റിക്കവറി കേസ് കോടതി റദ്ദ് ചെയ്തിട്ടുള്ളതാണെന്ന് തഹസിൽദാർ (ആർ.ആർ) കാസറഗോഡ് അറിയിച്ചിട്ടുള്ളതായും 17.9.2022 ലെ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഹാജരാക്കിയിട്ടില്ല. (LFAC 2016-19- 54 മത് റിപ്പോർട്ട് ഖ.6&7) |
| വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും-അവലോകനം 2013-14 | (പേജ്. 145,147) | 2013-14 | 5.3.5.1& 5.3.5.2 | വ്യവസായ മേഖല ചെലവ് ഇച്ചും | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) പരിഗണനയിൽ. ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് 11.04.2025ന് ഹെഡ്ഡോഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |
| -ടി- | (പേജ്.174) | 2013-14 | 5.3.5.16 | സബ്സിഡി മാർഗ്ഗരേഖ ലംഘനം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) പരിഗണനയിൽ. ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് 11.04.2025ന് ഹെഡ്ഡോഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2-2,2.3 | 2016-17 | അധ്യായം.2 അനുബന്ധം4 | തൊഴിൽനികുതി പരാമർശങ്ങൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) പരിഗണനയിൽ. ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് 7.02.2025ന് ഹെഡ്ഡോഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ്, സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക : ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക : ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,99,88,548 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,39,14,488 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,01,566 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
| - | ഇല്ല | ഇല്ല | - |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-15 | 4,36,234 | ശ്രീ.രാധാകൃഷ്ണൻ.എം.കെ, സെക്രട്ടറി |
| 1-16 | 1,10,320 | ശ്രീ.രാധാകൃഷ്ണൻ.എം.കെ, സെക്രട്ടറി |
| 1-17 | 2,92,000 | ശ്രീ.രാധാകൃഷ്ണൻ.എം.കെ, സെക്രട്ടറി |
| 1-18 | 2,00,000 | ശ്രീ.എം.ഗംഗാധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-22 | 1,96,000 | ശ്രീമതി.ലിന്റ ഐസക് , കൃഷി ഓഫീസർ |
| 1-23 | 1,22,807 | ഡോ.ശ്രുതിമോൾ.വി.എസ് , മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-25 | 6,27,955 | ശ്രീമതി.ലിന്റ ഐസക് , കൃഷി ഓഫീസർ |
| 1-26 | 15,00,000 | ശ്രീ.സന്തോഷ്.കെ, ഹെഡ്മാസ്റ്റർ |
| 1-27 | 16,250 | ശ്രീ.സന്തോഷ്.കെ, ഹെഡ്മാസ്റ്റർ |
| **ആകെ** | 35,01,566 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | - |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - | - | - |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98(Final) | കെ.എസ്.എ-കെ.എസ്.ഡി 7/467/2021(5)തീയതി 11-08-2022 | 2 ( 3-1, 3-2 ) |
| 1998-99 (Expr) | കെ.എസ്.എകെ.എസ്.ഡി7/467/2021(6) തീയതി 11-08-2022 | 2 (09, 13 ) |
| 1998-99 (Final) | കെ.എസ്.എ-കെ.എസ്.ഡി7/467/2021(7) തീയതി 11-08-2022 | 1 (3-1 ) |
| 1999-00 (Expr) | കെ.എസ്.എ-കെ.എസ്.ഡി 7/467/2021(8) തീയതി 11-08-2022 | 3 (09, 21, 22, ) |
| 2002-03 | കെ.എസ്.എ-കെ.എസ്.ഡി7/467/2021(13) തീയതി 11-08-2022 | 1 (3-2 ) |
| 2004-05 | കെ.എസ്.എ-കെ.എസ്.ഡി7/467/2021(15) തീയതി 11-08-2022 | 4 (3-2, 3-4, 3-5, 3-10 ) |
| 2005-06 | കെ.എസ്.എ-കെ.എസ്.ഡി7/467/2021(16) തീയതി 11-08-2022 | 3 (3-1, 3-3, 3-7 ) |
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി7/175/2022 തീയതി 11-08-2022 | 2 ( 3-4, 3-9 ) |
| 2007-08 | കെ.എസ്.എ-കെ.എസ്.ഡി7/234/2022 തീയതി 11-08-2022 | 3 (3-2, 3-6, 3-8 ) |
| 2008-09 | കെ.എസ്.എ-കെ.എസ്.ഡി7/811/2022 തീയതി 30-09-2022 | 2 (3-1, 3-2 ) |
| 2009-10 | കെ.എസ്.എ-കെ.എസ്.ഡി 7/248/2022 തീയതി 11-08-2022 | 2 (3-1, 3-4 ) |
| 2010-11 | കെ.എസ്.എ-കെ.എസ്.ഡി7/247/2022 തീയതി 11-08-2022 | 1 ( 3-2 ) |
| 2011-12, 2012-13 | കെ.എസ്.എ-കെ.എസ്.ഡി7/329/2022 തീയതി 11-08-2022 | 13 (3-1(2)(3), 3-2, 3-3, 3-6, 3-7, 3-9, 3-11, 3-12, 3-15, 3-16, 3-17, 3-18, 3-19, ) |
| 2013-14 | കെ.എസ്.എ-കെ.എസ്.ഡി7/880/2022 തീയതി 29-09-2022 | 1 (3-5 ) |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി7/73/2022(1) തീയതി 11-08-2022 | 3 ( 2-2, 2-3, 3-5(2) ) |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി7/879/2022 തീയതി 29-09-2022 | 1 (3-1 ) |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി7/554/2022 തീയതി 11-08-2022 | 4 (2-1, 3-2, 3-3, 3-5 ) |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി7/467/2021 തീയതി 11-08-2022 | 2 (2-1, 3-5 ) |
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി7/73/2022 തീയതി 11-08-2022 | 9 (1-15, 1-16, 1-18, 1-21, 1-22, 1-24, 1-28, 1-29,1-30) |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി7/488/2022 തീയതി 11-08-2022 | 12 (1-10, 1-11, 1-12, 1-13, 1-14, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-29) |
| 2020-21 | കെ.എസ്.എ-കെ.എസ്.ഡി7/591/2022, തീയതി 29-07-2022 | 13 ( 1-2-1, 1-2-2, 1-2-5, 1-2-6, 1-2-7, 1-10, 1-13, 1-14, 1-17, 1-20, 1-21, 1-22, 1-23 ) |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി7/175/2023, തീയതി 28-03-2023 | 14 (1-2-2, 1-2-3, 1-2-4, 1-2-5, 1-2-6, 1-10, 1-11, 1-12, 1-14, 1-16, 1-18, 1-19, 3-1, 3-2 ) |
| 2022-23 | കെ.എസ്.എ-കെ.എസ്.ഡി7/855/2023, തീയതി 04.03.2024 | 29 ( 1-1-1, 1-1-3, 1-1-4, 1-1-5, 1-1-8, 1-1-11, 1-1-12, 1-1-13, 1-1-14, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29,1-30 ) |
| 2023-24 | കെ.എസ്.എ-കെ.എസ്.ഡി7/695/2024, തീയതി 03.10.2024 | 36 (1-1-1, 1-1-2, 1-1-3, 1-1-4, 1-1-5, 1-1-6, 1-1-7, 1-1-8, 1-1-10, 1-1-12, 1-1-13, 1-10, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-22, 1-23, 1-24, 1-25, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, |

| | | |
|---|---|---|
| | | 4-4, 4-7, 4-10 ) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/2025 dated 1/2025 dated 22-05-2025 and submitted on 29-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Bedadka Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Bedadka Grama Panchayat as on 31-03-2025

**Date: 31/07/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Bedadka Grama Panchayat for the Year 2024-2025.

### 1.Major Observations

Asset register is incomplete and not reliable for Audit. The valuation of assets and updating of the asset register has not been completed. Therefore, the authenticity and accuracy of the value of assets as per the balance sheet as on 31/03/2025 could not be ensured.

## 2.Other Observations

1)Basic ratios as per rule 62(f) of the Kerala Panchayat Raj (Accounts) Rules, 2011 are not included in the Annual Financial Statements.

2)Defects repeated every year have not been fixed.
The following defects which are being repeated every year have not been fixed.

1. Error in carrying over the Excess of Income over expenditure to Schedule B1-Panchayat Fund General.
2. Error in the cash flow statement where the net increase in cash and cash equivalents are erroneous.

These defects have to be fixed at the state level through arrangements in the Software.

3)The details of liabilities remaining for the years as per Schedule B4 and B9 of the Balance Sheet as on 31.03.2025 have not been furnished to Audit.

4)Reconciliation statement- the details of the adjustment of an amount of rupees 5,000/- shown as cheque issued but not presented for payment in the Reconciliation statement of account no.401130000267 have not been furnished.
5)The Capital Work in Progress - some part bill payments not included.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Bedadka Grama Panchayat Income & Expenditure Statement | | | |
|---|---|---|---|
| For the period from 01-04-2024 to 31-03-2025 | | | |
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 110000000 | Tax Revenue | I-1 | 6,975,032.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 226,112.00 |
| 140000000 | Fees & User Charges | I-4 | 2,576,719.00 |
| 150000000 | Sales & Hire Charges | I-5 | 118,650.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 240,014,385.00 |
| 170000000 | Income from Investments | I-7 | 340,933.00 |
| 171000000 | Interest Earned | I-8 | 357,664.00 |
| 180000000 | Other Income | I-9 | 50,230.00 |
| A | Total - INCOME | | 250,659,725.00 |
| 210000000 | Establishment Expenses | I-10 | 13,631,653.00 |
| 220000000 | Administrative Expenses | I-11 | 1,170,565.00 |
| 230000000 | Operations & Maintenance | I-12 | 1,737,501.00 |
| 240000000 | Interest & Finance Charges | I-13 | 339.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 7,226,060.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 56,409,327.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 27,032,798.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 63,459,392.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 66,912,532.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1,916,269.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |

| | | | |
|---|---|---|---|
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 169,446.00 |
| 190000000 | Prior Period Income | I-19 | -347,333.00 |
| B | B - Total : EXPENDITURE | | 239,665,882.00 |
| C = A-B | Gross Surplus / (deficit) of income over expenditure before Prior Period Items. | | 10,993,843.00 |
| 190000000 | Prior period Income | I-19 | -347,333.00 |
| 290000000 | Prior period Expenses | I-18 | 330,231.00 |
| D | Net Difference | I-19 - I-18 | -17,102.00 |
| E | Gross Surplus / (deficit) of income over expenditure after Prior Period Items. | | 11,010,945.00 |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |

Deputy Director
District Audit Office, Kasaragod
Kerala State Audit Department.

## അനുബന്ധം - 4

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Bedadka Grama Panchayat Receipt and Payment Report | | | |
|---|---|---|---|
| For the period from 01-04-2024 to 31-03-2025 | | | |
| Code | Head Account | Schedule No. | Current Year Amount (Rs.) |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 26,694,091.50 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,405,680.00 |
| 130000000 | Rental Income From Panchayat Properties | RP-3 | 12,500.00 |
| 140000000 | Fees & User Charges | RP-4 | 2,455,664.00 |
| 150000000 | Sale & Hire Charges | RP-5 | 118,650.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 19,395,869.00 |
| 171000000 | Interest Earned | RP-9 | 357,664.00 |
| 311000000 | Earmarked Funds | RP-28 | 3,682.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 31,352,232.00 |
| 360000000 | Provisions | RP-36 | 72,646.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9,032,707.00 |
| 460000000 | Loans, Advances and Deposits | RP-49 | 42,669.00 |
| Non-Operating | | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 818.00 |
| 330000000 | Secured Loans | RP-31 | 5,009,000.00 |
| 340000000 | Deposits Received | RP-33 | 169,544.00 |
| 350000000 | Other Liabilities | RP-35 | 559,223.00 |
| | Total : | | 96,682,639.50 |
| Payments | | | |
| Operating | | | |
| 220000000 | Administrative Expenses | RP-13 | 11,200.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 108,922.00 |
| 360000000 | Provisions | RP-36 | 296.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9,145,520.00 |
| 460000000 | Loans, Advances and Deposits | RP-49 | 402,000.00 |
| Non-Operating | | | |
| 330000000 | Secured Loans | RP-31 | 0.00 |
| 340000000 | Deposits Received | RP-33 | 3,158.00 |
| 350000000 | Other Liabilities | RP-35 | 54,243,392.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 32,768,151.50 |

Deputy Director
District Audit Office, Kasaragod
Kerala State Audit Department.

## അനുബന്ധം -5

## ബാലൻസ് ഷീറ്റ്

| Bedadka Grama Panchayat Balance Sheet | | | |
|---|---|---|---|
| Balance Sheet as on 31-03-2025 | | | |
| **Code No** | **Description of items** | **Schedule No.** | **Current Year Amount (Rs.)** |
| 310000000 | Panchayat (General) Fund | B-1 | 56,454,693.00 |
| 311000000 | Earmarked Funds | B-2 | 51,577.00 |
| 312000000 | Reserves | B-3 | 88,663,467.00 |
| 320000000 | Grants, Funds and Contributions for | B-4 | 25,206,378.50 |

| | | | |
|---|---|---|---|
| | specific purposes | | |
| 330000000 | Secured Loans | B-5 | 48,491,713.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 311,609.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 1,694,633.00 |
| 360000000 | Provisions | B-10 | 163,935.00 |
| | Total : | | 221,038,005.50 |
| 410000000 | Fixed Assets | B-11 | 3,334,565.00 |
| 412000000 | Capital Work-in-Progress | B-11(b) | 1,452,974.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3,255,893.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 34,548,785.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 178,937,882.00 |
| 416000000 | Accumulated Depreciation | B-11(a) | -102,009,688.00 |
| 420000000 | Investment –General Fund | B-12 | 4,540,960.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 9,159,785.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 48,491,713.00 |
| 450000000 | Cash and Bank Balance | B-17 | 32,768,151.50 |
| 460000000 | Loans, advances and deposits | B-18 | 6,556,985.00 |

| | | | |
|---|---|---|---|
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 221,038,005.50 |

Deputy Director
District Audit Office, Kasaragod
Kerala State Audit Department.